പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4564 22.07.2015 ൽ മറുപടിക്ക്

## വാഹന അപകടങ്ങൾ മൂലമുള്ള മരണങ്ങളുടെ വർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | വാഹന അപകടങ്ങൾ മൂലമുള്ള മരണങ്ങൾ വർദ്ധിച്ചു വരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഇല്ല. റോഡപകടങ്ങൾ മൂലമുള്ള മരണനിരക്ക് നേരിയതോതിൽ കുറയുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. |
| (ബി) | മോട്ടോർ വാഹന വകുപ്പ് ഡ്രൈവർമാർക്കായി നടത്തിയിരുന്ന ബോധവത്ക്കരണ ക്ലാസ്സുകൾ ഇപ്പോൾ നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; മുടക്കം കൂടാതെ ഇത്തരം ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ; | (ബി) | ഇല്ല. മോട്ടോർ വാഹന വകുപ്പ് ഡ്രൈവർമാർക്കായി നടത്തികൊണ്ടിരിക്കുന്ന ബോധവൽക്കരണ ക്ലാസ്സുകൾ നിർത്തി വയ്ക്കാനുള്ള യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല. |
| (സി) | പ്രായപൂർത്തിയാകാത്ത കുട്ടികൾ വാഹനമോടിക്കുന്നതും ഇത് മൂലമുണ്ടാക്കുന്ന അപകടങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ തടയുന്നതിന് ശക്തമായ നടപടി സ്വീകരിയ്ക്കുമോ ? | (സി) | ഉണ്ട്. വാഹനമോടിക്കുന്ന പ്രായപൂർത്തിയാകാത്ത കുട്ടികൾക്കും വാഹനമോടിക്കുന്നതിന് അനുവദിക്കുന്ന വാഹന ഉടമകൾക്കും എതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചും, ശക്തമായ താക്കീത്, പിഴശിക്ഷ എന്നിവയിലൂടെയും ഇത്തരം സംഭവങ്ങൾ തടയാൻ നടപടിസ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ